Draft #4 of File 109902/AC A1-3/2021/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 10-Sep-2021 01:31 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കട്ടപ്പന,ഗവൺമെന്റ് കോളേജ് -2021-22 അദ്ധ്യയനവർഷം - ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം - അധിക സീറ്റ് വർദ്ധനവ് നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4504/AC A 1/2021/എം.ജി.യു        പ്രിയദർശിനി ഹിൽസ്,തീയതി: 10.09.2021

*പരാമർശം:*-1. 09.08.2021 തീയതിയിലെ സർവ്വകലാശാലാ വിജ്ഞാപനം നം.105637/ACA1-3/2021/VC SECTION
2. കട്ടപ്പന ,ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽ നൽകിയ അപേക്ഷ.

**ഉത്തരവ്**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന വിവിധ ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് അധിക സീറ്റ് വർദ്ധനവിനായി പരാമർശം (1) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

അധിക സീറ്റ് വർദ്ധനവിനായി കട്ടപ്പന,ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ സർവ്വകലാശാല പരിഗണിക്കുകയും ടി കോളേജിന് ഫീസ് കുടിശ്ശിക പരിശോധിക്കുന്നതിലേയ്ക്കായി ഡി.സി.ബി. സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ളതുകൊണ്ടും കുടിശ്ശിക കണ്ടെത്തുന്നപക്ഷം ആയത് 15 ദിവസത്തിനകം അടച്ചുതീർത്തുകൊള്ളാമെന്നുള്ള സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതിനാലും, 2021-22 അദ്ധ്യയന വർഷം, താഴെപ്പറയുംപ്രകാരം ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് അധിക സീറ്റ് വർദ്ധനവ് നൽകുവാനും തീരുമാനിച്ചു.

**ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2021-'22 അദ്ധ്യയന വർഷം അധിക സീറ്റ് വർദ്ധനവ് അനുവദിച്ചതിന്റെ വിശദാംശങ്ങൾ**

| Sl. No | College | Course | Sanctioned Strength | Marginal increase of Seats | Additional Increase of Seats | Total |
|---|---|---|---|---|---|---|
| 1. | Govt. College, Kattappana | B A Malayalam | 30 | - | 10 | 40 |
| | | B A Economics | 50 | - | 5 | 55 |
| | | B Com Model I Finance and Taxation | 60 | - | 5 | 65 |
| | | B Sc Mathematics | 24 | - | 6 | 30 |
| | | B Sc Chemistry | 24 | - | 6 | 30 |
| | | M A Malayalam | 12 | - | 8 | 20 |
| | | M A Economics | 15 | - | 10 | 25 |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | | | | | | |
|---|---|---|---|---|---|---|
| | | M Com (Finance and Taxation) | 12 | - | 18 | 30 |
| | | M Sc Chemistry | 12 | - | 3 | 15 |

മേൽപ്പറഞ്ഞ വർദ്ധനവ് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

1. അധിക ജീവനക്കാരെ നിയമിക്കുന്നതും, പഠന - ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതും വഴി സർക്കാരിനോ സർവ്വകലാശാലയ്ക്കോ അധിക ബാദ്ധ്യത ഉണ്ടാവാൻ പാടില്ല.

2. സീറ്റുകളുടെ എണ്ണത്തിലുള്ള വർദ്ധനവനുസരിച്ച് ലാബോറട്ടറിയിലും ലൈബ്രറിയിലും മതിയായ സൗകര്യങ്ങൾ ഉണ്ടാവേണ്ടതാണ്.

3. വിദ്യാർത്ഥി പ്രവേശനം അനുവദിക്കപ്പെട്ട സീറ്റുകൾക്കും അധിക സീറ്റ് വർദ്ധനവിനും അനുസൃതമായിരിക്കണം.

4. പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ പട്ടിക സർവ്വകലാശാലയിൽ അടയ്ക്കേണ്ട നിശ്ചിത ഫീസുകളുടെ വിവരങ്ങൾ സഹിതം സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

5. പ്രവേശന വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ അധിക സീറ്റ് വർദ്ധനവിനും ബാധകമാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പൽ,ഗവൺമെന്റ് കോളേജ് ,കട്ടപ്പന
2. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി മാർ
3. രജിസ്ട്രാർ/പരീക്ഷ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. ബന്ധപ്പെട്ട ജെ ആർ/ഡി ആർ/ എ ആർ (ഭരണം/അക്കാദമിക്/പരീക്ഷ)
5. ബന്ധപ്പെട്ട പരീക്ഷാ സെക്ഷനുകൾ
6.എ സി എ 1/ എ സി ബി 6/ സിറ്റാഡ് /യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ /ഐ ക്യൂ എ സി
8. കരുതൽ ഫയൽ/ഫയൽ കോപ്പി/ റെക്കാർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 109902/AC A1-3/2021/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 10-Sep-2021 01:31 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം